# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1464.

15..6..2012-ൽ മറുപടിക്ക്

## കൊട്ടിയത്തെ എൽ.എം.ടി.സി.യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. കെ.പി. മോഹനൻ.<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.ടി.സി-യിൽ നിലവിൽ എത്ര ജീവനക്കാരാണ് ജോലി നോക്കുന്നത്; | (എ) കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.ടി.സി-യിൽ നിലവിൽ തസ്തികകൾ ഒന്നും തന്നെ ഇല്ല. കൊട്ടിയം മേഖലാ ബീജധാന കേന്ദ്രത്തിലെ ഒരു അസിസ്റ്റന്റ് പ്രോജക്ട് ആഫീസർക്ക് അധികച്ചുമതല നല്കി യാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. |
| (ബി) ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത സ്ഥാപനം സുഗമമായി പ്രവർത്തി പ്പിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടി-ട്ടുണ്ടോ; | (ബി) കൊട്ടിയം റീജിയണൽ എ.ഐ. സെന്ററിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭി ച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് അറിയിക്കുമോ; | (സി) നിവേദനം ലഭിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേയ്ക്ക് ആവശ്യ മായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടി ക്കുകയോ, പുനർവിന്യസിക്കുകയോ ചെയ്യുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.